ശ്രീ. പി. നാണു: നശിച്ചുപോയി എന്നു പറഞ്ഞതു് എവിടെവെച്ചാണു്?

ശ്രീ. എൽ. എം. പൈലി: റൂളിംഗിന്റെ വെളിച്ചത്തിൽ എവിടെ വെച്ചാണെന്നു് പറയുവാൻ നിവൃത്തിയില്ല.

ശ്രീ. പി. നാണു: ഇങ്ങനെ നശിച്ചുപോയതിനു കാരണക്കാരനായ ഉദ്യോഗസ്ഥൻ ആരാണെന്നു പറയാമോ?

ശ്രീ. എൽ. എം. പൈലി: റൂളിംഗിന്റെ വെളിച്ചത്തിൽ അതും സാധിക്കുകയില്ല.

ശ്രീ. പി. നാണു: ഗവണ്മെന്റിന്റെ കൈവശമുള്ള ഫയൽ നശിച്ചുപോയാൽ അതിനു ഉത്തരവാദിത്വമില്ലേ?

ശ്രീ. എൽ. എം. പൈലി: ഉണ്ടു്. വേണ്ട നടപടി എടുത്തുവരുന്നുണ്ടു്.

ശ്രീ. പി. നാണു: അതു് കണ്ടുപിടിച്ചുകഴിഞ്ഞിട്ടുണ്ടോ?

ശ്രീ. എൽ. എം. പൈലി: അതു് പറയുവാൻ നിവൃത്തിയില്ല.

കൊല്ലം എ. ഡി. കാട്ടൻ മില്ലിലെ തൊണികൾ

*വ്യ. (നു) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്കു് ബഹുമാനപ്പെട്ട ഭക്ഷ്യവകുപ്പു മന്ത്രി സദയം മറുപടി നൽകുമോ:—

(എ) ഈ ൫ o സെപ്റ്റംബർ മുതൽ എ. ഡി. കാട്ടൻ മില്ലിലെ തൊണിത്തരങ്ങൾ എല്ലാംതന്നെ വിദേശങ്ങളിലേക്കു് കയറ്റുമതി ചെയ്യുവരുന്നുണ്ടോ;

(ബി) ഇവ ഈ രാജ്യത്തു് വില്പനചെയ്യാതെ കയറ്റുമതി ചെയ്യുവരുന്നതു് എന്തുകൊണ്ടാണു്?

ധനകാര്യവും, ഭക്ഷ്യവും വകുപ്പു മന്ത്രി (ശ്രീ. കെ. എം. കോര): (എ) ഇല്ല. ഈ ൫ o സെപ്റ്റംബർ മുതൽ ൫൭ ജനുവരിവരെ അവിടത്തെ തൊണിയിൽ ൪ ബയിൽ കഴിച്ചു ബാക്കിയുള്ളവ എല്ലാംതന്നെ വിദേശങ്ങളിലേക്കു അയച്ചുവന്നു. ൫൭ ഫെബ്രുവരിമുതൽ ഉണ്ടാക്കുന്ന എല്ലാംതന്നെ വെളിയിൽ അയക്കാതെ ഇവിടെത്തന്നെ വിതരണം ചെയ്യുവരുന്നുണ്ടു്.

(ബി) ഈ കാലങ്ങളിൽ കേന്ദ്രഗവണ്മെന്റു് നിർദ്ദേശിച്ചതുകൊണ്ടു് അവർ വെളിയിലേക്കു് അയച്ചതാണു്.

ശ്രീ. എ. കെ. പാച്ചുപിള്ള: ഓരോ മാസവും അവിടത്തെ സ്റ്റോക്കു് തിട്ടപ്പെടുത്തുന്നുണ്ടോ?

ശ്രീ. കെ. എം. കോര: അങ്ങനെ ചെയ്യാമെന്നു വിചാരമുണ്ടു്. എന്നാൽ സംശയം തോന്നുന്ന അവസരത്തിൽ മാത്രമെ അങ്ങനെ തിട്ടപ്പെടുത്തുന്നുള്ളു.

ശ്രീ. പി. കെ. കുമാരൻ ആചാരി: സ്റ്റോക്കു് തിട്ടപ്പെടുത്തിയതിനുശേഷം വിതരണത്തിനു് എന്തു ഏർപ്പാടാണു് ചെയ്യുന്നതു്?

ശ്രീ. കെ. എം. കോര: അതിനു് പ്രത്യേകിച്ചു് നിബന്ധന ഒന്നുമില്ല.

ശ്രീ. പി. കെ. കുമാരൻ ആചാരി: സ്റ്റോക്കു് തിട്ടപ്പെടുത്താതെ എങ്ങനെ വിതരണം ചെയ്യും?

ശ്രീ. കെ. എം. കോര: ഈ ൫ o-ൽ സ്റ്റോക്കു് ധാരാളം ചെയ്തിരുന്നതുകൊണ്ടു് അവരുടെ ഒരു നിവേദനം സെൻട്രൽ ഗവണ്മെന്റിലേക്കു് ലഭിക്കുകയും

LIBRARY ARCHIVES Kerala Legislative Assembly

അവർ അവയെ വെളിയിലേക്ക് അയക്കുവാൻ പെർമിറ്റ് കൊടുക്കുകയും ചെയ്യും.

ശ്രീ. പി കെ. കുമാരൻ ആചാരി: ഈ സാമാനങ്ങൾ ലേലം ചെയ്തിട്ടാണോ അയച്ചിരുന്നത്?

ശ്രീ. കെ. എം. കോര: അല്ല.

ശ്രീ. പി. കെ. കുമാരൻആചാരി: ഇതിന്റെ മേൽ സെൻട്രൽ ഗവൺമെന്റിനാണോ ഈ ഗവൺമെന്റിനാണോ നിയന്ത്രണം?

ശ്രീ. കെ. എം. കോര: സെൻട്രൽ ഗവൺമെന്റിനു ആയിരുന്നു. ഇപ്പോൾ ഈ ഗവൺമെന്റിനാണ്.

ശ്രീ. പി. കെ. കുമാരൻആചാരി: അവിടെ ഈസാമാനങ്ങൾ കുന്നുകൂടി കിടന്നിരുന്നതുകൊണ്ട് നമുക്കെന്താണ് പ്രയോജനം?

ശ്രീ. കെ. എം. കോര: കുന്നുകൂടിയിരുന്നതുകൊണ്ട് അപേക്ഷ അതു വില്ക്കണമെന്നും ആ സാധനങ്ങൾ ഇവിടെ ആവശ്യമില്ലാതിരുന്നതുകൊണ്ട് വെളിയിലേക്ക അയക്കുവാൻ അനുവദിക്കണമെന്നും അപേക്ഷിച്ചിട്ടുണ്ടായിരുന്നു. അതനുസരിച്ചു ഇൻഡ്യാ ഗവൺമെന്റ അനുവദിച്ചു.

ശ്രീ. വി. ഗംഗാധരൻനായർ: ഇപ്പോൾ അവർ അനുവാദം ആവശ്യപ്പെട്ടിട്ടുണ്ടോ?

ശ്രീ. കെ. എം. കോര: നോട്ടിസ് വേണം.

ശ്രീ. വി. ഗംഗാധരൻനായർ: ഈ സാധനങ്ങൾ വെളിയിലേക്ക അയച്ചു കൊടുക്കുവാൻ സാധിക്കാത്തതുകൊണ്ട് അവർ മിൽ പൂട്ടുവാൻ വിചാരിക്കുന്നതായി അറിയാമോ?

ശ്രീ. കെ. എം. കോര: അറിഞ്ഞുകൂടാ.

ശ്രീ. എ. പി. ഉദയഭാനു: ഇതൊക്കെ സെൻട്രൽ ഗവൺമെന്റിന്റെ കയ്യിൽ അല്ലേ?

ശ്രീ. കെ. എം. കോര: അതേ.

ശ്രീ. എ. പി. ഉദയഭാനു: ഈ ഗവൺമെന്റിനു ഇതിൽ നിയന്ത്രണം ഉണ്ടോ?

ശ്രീ. കെ. എം. കോര: ഇല്ല.

ഖാദി ബോർഡ്

*൨൨. (൪) ശ്രീ. പി. കെ. കുമാരൻ ആചാരി: താഴെ പറയുന്ന ചോദ്യങ്ങൾക്ക ബഹുമാനപ്പെട്ട ഖാദിവകുപ്പുമന്ത്രി സദയം മറുപടി നൽകുമോ.—

(എ) ഫെബ്രുവരി വരെ മാത്രം കാലാവധിയുണ്ടായിരുന്ന ഖാദി ബോർഡിനു അനിശ്ചിതകാലത്തേയ്ക്ക് കാലാവധി നീട്ടി കൊടുത്തിട്ടുണ്ടോ;

(ബി) ഖാദി ബോർഡിന്റെ പ്രവർത്തനംമൂലം ഖാദിയിൽ ഉണ്ടായിട്ടുള്ള നേട്ടങ്ങൾ എന്തെല്ലാം?

ധനകാര്യവും ഖാദിയും വകുപ്പുമന്ത്രി (ശ്രീ. കെ. എം. കോര): (എ) ഇല്ല.

(ബി) താഴെ പറയുന്ന ഗവൺമെന്റ പ്രസിദ്ധീകരണങ്ങൾക്ക് ബഹുമാനപ്പെട്ട മെമ്പറുടെ ശ്രദ്ധയെ ക്ഷണിച്ചുകൊള്ളുന്നു.

(൧) ഖാദിവ്യവസായപരിപാടികളും പദ്ധതികളും.

LIBRARY ARCHIVES Kerala Legislative Assembly